പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2101 — 26.03.2013 -ൽ മറുപടിക്ക്

## സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക വശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു. റ്റി. തോമസ്<br>ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ<br>" സി. കെ. നാണു | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസുകളിൽ ഡീസലിനുപകരം സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക വശങ്ങൾ ശാസ്ത്രീയമായി വിലയിരുത്തിയിട്ടുണ്ടോ ; | (എ) | സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്നതിനുള്ള പ്രാഥമിക വശങ്ങൾ മാത്രമേ വിലയിരുത്തിയിട്ടുള്ളൂ. |
| (ബി) | സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്നതിന് എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രാഥമികമായി ബസ്സുകൾ സി.എൻ.ജി. യിലേക്ക് മാറ്റേണ്ടതുണ്ട്. കൂടാതെ സി.എൻ.ജി. സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടതുണ്ട്. |
| (സി) | പ്രസ്തുത സജ്ജീകരണങ്ങൾക്കായി എന്തു തുക മുതൽമുടക്കു വരുമെന്നും പ്രസ്തുത തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ; | (സി) | സി.എൻ.ജി. യിലേക്ക് മാറ്റുന്നതിന് ബസ്സൊന്നിന് 4 ലക്ഷം രൂപയോളം ചെലവ് വരും. സി.എൻ.ജി. സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് പ്രകൃതി വാതകം സമ്മർദ്ദിത രൂപത്തിലാണോ, ദ്രവീകൃത രൂപത്തി ലാണോ ബസ് സ്റ്റേഷനുകളിൽ ലഭ്യമാകുന്നത് എന്നതിനെ ആശ്രയിച്ചിരിക്കും. |
| (ഡി) | സംസ്ഥാനത്ത് സി.എൻ.ജി. യുടെ ലഭ്യതയും വിതരണത്തിനുള്ള സംവിധാനങ്ങളും എത്രത്തോളമുണ്ടെന്ന് പഠനം നടത്തിയിട്ടുണ്ടോ; | (ഡി) | കേരള സംസ്ഥാനത്ത് സി.എൻ.ജി. നിലവിൽ ലഭ്യമല്ല. അതിനാൽ വിതരണത്തിനുള്ള സംവിധാനങ്ങളെ ക്കുറിച്ച് വേണ്ടത്ര വിവരങ്ങൾ ലഭ്യമല്ല. |
| (ഇ) | ഡീസലുമായി താരതമ്യപ്പെടുത്തുമ്പോൾ സി.എൻ.ജി. ഉപയോഗിക്കുന്നതുകൊണ്ട് എത്രമാത്രം സാമ്പത്തിക ലാഭം ഉണ്ടാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (ഇ) | സി.എൻ.ജി. കേരളത്തിൽ എന്ത് വിലയ്ക്ക് ലഭ്യമാക്കപ്പെടും എന്നതിനെ ആശ്രയിച്ച് മാത്രമേ ഇത് ഉപയോഗിക്കുന്നത് മൂലമുള്ള സാമ്പത്തിക ലാഭം കണക്കാക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ